# ആച്ചിയമ്മയുടെ വികൃതികൾ

**ഒ**ടുവിൽ രണ്ടുപേരും അങ്ങനെ ഒരു തീരുമാനത്തിൽ എത്തി. ഒരു പെറ്റ്. അത് എന്തായിരിക്കണം എന്നതായിരുന്നു അടുത്ത ചർച്ച. ഒരു പട്ടി. പട്ടിക്ക് കുരയ്ക്കാൻ മാത്രം അറിയാം. പിന്നെ ഒരുതരം വൃത്തികെട്ട നാറ്റവും. അതുവേണ്ട ആച്ചിയമ്മ പറഞ്ഞു. അവറാച്ചൻ അതിനെ അനുകൂലിച്ചു. ഒരു പൂച്ച. പൂച്ച വല്ലപ്പോഴും മാത്രമേ 'മ്യാവൂ' പറയുകയുള്ളൂ. കൂടാതെ സെറ്റിയും മറ്റും മാന്തിപ്പൊളിക്കും. അതും വേണ്ട അക്വേറിയം "ഓ മീനിനെ നോക്കി എത്ര നേരമാണിരിക്കുക". അവറാച്ചൻ പറഞ്ഞു. ആച്ചിയമ്മ അതിനെ അനുകൂലിച്ചു.

ആച്ചിയമ്മയ്ക്ക് പെട്ടെന്ന് ഭൂതോദയം ഉണ്ടായി. ഒരു തത്ത.

"തരക്കേടില്ല" അവറാച്ചൻ അനുകൂലിച്ചു.

"തത്ത വർത്തമാനം പറയും. ഇടയ്ക്കിടയ്ക്ക് ചിലയ്ക്കും. കീർത്തനം ചൊല്ലും. കൂട്ടിനുള്ളിൽ വളർത്തിയാൽ മതി. പരിരക്ഷിക്കാനും പാടുകുറവ്" ആച്ചിയമ്മ അത്രയും കൂടി കൂട്ടിച്ചേർത്തു.

അവറാച്ചൻ ഓർത്തു എന്തായാലും പരിരക്ഷണം മുഴുവൻ തന്റെ തലയിൽ വരും. അപ്പോൾ പാടുകുറഞ്ഞവ തന്നെ നല്ലത്.

രണ്ടുപേരും കൂടി തത്തയെ തപ്പിപെറ്റ്ഷോപ്പിൽ പോയി. പക്ഷി വിഭാഗത്തിൽ പക്ഷികൾ പലതരം കർണകഠോരമായ ശബ്ദം. കൊച്ചുകുരുവികൾ മുതൽ വലിയ ഒട്ടകപ്പക്ഷിയുടെ സൈസുവരെ. പലതരം തത്തകളെ കണ്ടു. ചെറുതും വലുതും പച്ചപ്പനം തത്തകൾ, കഴുത്തിൽ ചുവന്ന മാലപോലെ തൂവലുള്ളവ, ഇളം ചാരനിറമാർന്ന നീല, ചുവപ്പ്, മഞ്ഞ നിറങ്ങൾ ഇടകലർന്ന വലിയ തത്തകൾ. വളഞ്ഞ ചുണ്ടും കൂർത്തുവളഞ്ഞ നഖങ്ങളും ഉപയോഗിച്ച്, സർക്കസിലെ അർദ്ധനഗ്നകളായ സുന്ദരികളെപ്പോലെ, കൂട്ടിലെ റിങ്ങുകളിൽ സർക്കസ് ചെയ്യുന്നു. വലിയ തത്തകൾ വലിയ കൂടുകളിലെ മരക്കൊമ്പുകളിലിരുന്നു കലമ്പുന്നു. ചിലവ ഉറക്കം തൂങ്ങുന്നു. മറ്റുചിലവയെ കൈയിൽ കിട്ടിയ ഉണങ്ങിയ വിത്തുകൾ ഒറ്റക്കൈയിലുയർത്തി കറക്കി കൂർത്തുവളഞ്ഞ ചുണ്ടുകൊണ്ട് പൊട്ടിച്ചുകൊറിക്കുന്നു.

ആമസോൺസ് എന്ന വലിയ ഇനം തത്തയെ ആച്ചിയമ്മയ്ക്കും അവറാച്ചനും ഇഷ്ടപ്പെട്ടു. മെയിൽ ആണ്. ആമസോണിലെ ഘോരവനത്തിൽ നിന്ന് പിടിച്ചെടുത്തതാണ് ആച്ചിയമ്മ പറഞ്ഞു. "പണ്ട് റോബിൻസൻ ക്രൂസോ പിടിച്ചെടുത്ത് ഇണക്കിയത് ഇത്തരം ഒരു തത്തയെയാണ്."

നല്ല വലിപ്പം, നീലയും പച്ചയും ചുവപ്പും കലർന്ന നിറം. വയറിനു മഞ്ഞ നിറമാണ്. നീളമുള്ള ചുവന്ന വാൽ, തെറിച്ചു നിൽക്കുന്ന ഉണ്ടക്കണ്ണുകൾ, നീണ്ടുവളഞ്ഞ ശക്തിയുള്ള മേൽച്ചുണ്ട്. പൽക്കത്രിക പോലെയുള്ള ബലിഷ്ഠമായ കാലുകൾ അവൻ സുന്ദരൻ തന്നെ. അവർ ചെല്ലുമ്പോൾ അവൻ വൃക്ഷക്കൊമ്പിൽ ഒറ്റക്കാലിൽ നിൽക്കുകയായിരുന്നു. അവന്റെ നീണ്ട ചുവന്ന വാൽ നിലംവരെ നീണ്ടുകിടക്കുന്നു. അവൻ കണ്ണുകൾ മുകളിലേക്കും താഴേക്കും കറക്കി അവരെ സൂക്ഷ്മ നിരീക്ഷണം നടത്തി. വലിയ കൂട്ടിലെ വൃക്ഷത്തിൻരെ താണകൊമ്പിൽ നിന്ന് അവൻ ചിറകടിച്ചൊന്ന് പറന്ന് ഏറ്റവും മുകളിലെത്തി അവരെ നോക്കി ഒന്നുകൂടി ചിറകടിച്ചു.

അപ്പോൾ ആച്ചിയമ്മ അവറാച്ചനെ നോക്കി പറഞ്ഞു

"ഇതുതന്നെ നമ്മുടെ തത്ത."

അവറാച്ചൻ വില നോക്കി. "എണ്ണൂറു ഡോളർ ഒരു തത്തയ്ക്ക്" എന്ന് അവറാച്ചൻ പറ

ഞ്ഞുപോയി. ആ തത്തയെപ്പറ്റി കൂടിന്റെ ഒരരുകിൽ വച്ചിരിക്കുന്ന വിവരണം ആച്ചിയമ്മ വായിച്ചിട്ടു പറഞ്ഞു. “ചുമ്മാതല്ല ഇത്രയും വില ആമസോൺ വനത്തിൽ നിന്ന് ഒരു റെഡ് ഇന്ത്യൻ ഇതിന്റെ തള്ളയെ നിഷ്ക്കരുണം അമ്പെയ്തു കൊന്നിട്ട് പിടിച്ചെടുത്ത് ഇണക്കിയ കുഞ്ഞുങ്ങളിൽ ഒന്നാണ്. അല്പാൽപം റെഡ് ഇന്ത്യൻ ഭാഷ സംസാരിക്കും. ഒരു മാസത്തിനുള്ളിൽ ഏതുഭാഷയും വശമാക്കാനുള്ള സാമർത്ഥ്യം ഈ തത്തയ്ക്കുണ്ടത്രേ.”

എണ്ണൂറു ഡോളറും ടാക്സും കൊടുത്ത് അവർ തത്തയെ വാങ്ങി. അത്രയും ഡോളർ കൊടുത്ത് ഒരു തത്തയെ വാങ്ങാൻ അവറാച്ചന് ഇഷ്ടമായിരുന്നില്ല. എങ്കിലും ഭാര്യയുടെ ഹിതത്തെ മറികടക്കാൻ അവറാച്ചനു കഴിഞ്ഞില്ല.

തത്തയെ കൈയ്യിൽ കിട്ടിയപ്പോൾ ആച്ചിയമ്മയ്ക്കൊരാഗ്രഹം. അതിനെ സുകൃത് വാക്യങ്ങൾ പഠിപ്പിക്കണമെന്ന്. അതിനും ഒരു വഴി ആച്ചിയമ്മ കണ്ടു. ഉമ്മനുപദേശിയുടെ വീട്ിടൽ തത്തയെ ഒരു മാസം താമസിപ്പിക്കുക. വേദവാക്യങ്ങളും പ്രാർത്ഥനകളുമൊക്കെ പഠിക്കട്ടെ അവറാച്ചനും അതിനെ അനുകൂലിച്ചു. ഒന്നുമില്ലെങ്കിലും നാലാൾ വീട്ടിൽ വന്നിരിക്കുമ്പോൾ നല്ല വചനങ്ങൾ പറയുന്ന തത്തമ്മയുടെ രക്ഷിതാക്കൾ എന്ന മതിപ്പു വരട്ടെ.

തത്തയെ ഒരു മാസത്തെ പരിശീലനത്തിനായി ഉപദേശിയുടെ വീട്ടിൽ പാർപ്പിച്ചു. കാലക്രമേണ ആമസോൺ തത്ത റെഡ് ഇന്ത്യൻ ഭാഷ മറന്നു പകരം മലയാളം മാതൃഭാഷയാക്കി. പ്രാർത്ഥനകളും വേദവാക്യങ്ങലും അല്പാൽപം പഠിച്ചു. ഉപദേശിക്കും സന്തോഷമായി. തത്തയിൽ കൂടി ദൈവവചനം പ്രഘോഷിക്കാനുള്ള അവസരം ഉപദേശി കണക്കിന് ഉപയോഗിച്ചു.

ഒരു മാസം കൊണ്ട് തത്ത കുറെയൊക്കെ പഠിച്ചെടുത്തു. “മദ്യപാനി സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുകയില്ല” ആ വചനം പഠിപ്പിച്ചെടുത്തു. അതിനൊരു കാരണം കൂടിയുണ്ട്. അവറാച്ചന് ആ ദുശ്ശീലം ഉണ്ട്. പക്ഷേ കുടിച്ചുകഴിഞ്ഞാൽ അവറാച്ചന് മൗനമാണ് കല്ലുപോലെ നിൽക്കും. സാധാരണ ആർക്കും മനസ്സിലാകുകയില്ല അവറാച്ചൻ കുടിച്ചിട്ടുണ്ടെന്ന് ആച്ചിയമ്മയ്ക്കൊഴികെ. ഈ കുടി നിർത്തണം. അതുകൂടി കണക്കുകൂട്ടിയാണ് ആച്ചിയമ്മ ഇക്കാര്യം പ്രത്യേകം ഉപദേശിയെ അനുസ്മരിപ്പിച്ചത്. കൂടാതെ തത്ത കുറെ ചെറിയ ചെറിയ വാക്യങ്ങലും പഠിച്ചെടുത്തു. അതിലൊന്നായിരുന്നു ‘കർത്താവേ, സ്തോത്രം.’

പരിശീലനം കഴിഞ്ഞ തത്ത ആച്ചിയമ്മയുടെയും അവറാച്ചന്റെയും വീട്ടിലേക്ക് കുടിയേറി. തത്തയുടെ മഹദ് വചനങ്ങൾ കേട്ട് ഇരുവരും സന്തോഷിച്ചു. “ഇവൻ എത്ര മിടുക്കൻ എത്ര പെട്ടെന്ന് മലയാളം പഠിച്ചെടുത്തിരിക്കുന്നു. ഇവിടെ അമേരിക്കയിൽ ജനിച്ച പിള്ളേർ എത്രകാലം മലയാളം പഠിച്ചാലും പഴം വായിലിട്ടപോലെയാണ് വർത്തമാനം! ഇവനെ നോക്ക് പച്ചമലയാളം പറയുന്നു.”

തത്ത വർത്തമാനം പറഞ്ഞുപറഞ്ഞ് ‘മദ്യപാനി സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുകയില്ല’ എന്ന് നീട്ടിപ്പറഞ്ഞപ്പോൾ അവറാച്ചന് ഞെട്ടലുണ്ടായി. അതു തന്നെപ്പറ്റിയാണോ എന്നയാൾക്കൊരു തോന്നൽ. ഉപദേശി തനിക്കിട്ടു വച്ചല്ലോ? ആ വാക്യം അവറാച്ചന് അരോചകമുണ്ടാക്കി.

അവറാച്ചൻ ഓർത്തു. ഒരു പെറ്റിനെ വളർത്താനുണ്ടായ സാഹചര്യം! മക്കളില്ലാതിരുന്നതുകൊണ്ട്. ആച്ചിയമ്മയ്ക്ക് ഏറെ ആഗ്രഹം! മക്കളില്ലാത്ത ദുഃഖം തന്നെയാണ് തന്നെ മദ്യപാനത്തിനു പ്രേരിപ്പിച്ചു തുടങ്ങിയത്. ഉപദേശി തത്തയെ പഠിപ്പിച്ചുവിട്ടിരിക്കുന്നതു കണ്ടില്ലേ?വേറെ എത്രയെത്ര വാക്യങ്ങൾ ബൈബിളിലുണ്ടായിരുന്നു. ആച്ചിയമ്മയുടെ ഭാഷയിൽ താനാകെ ചെയ്യുന്ന വേണ്ടാതീനമാണ് ഈ മദ്യപാനം.

വൈകുന്നേരമായാൽ രണ്ടു പെഗ്ഗ് വിടണം. അതിനവൾ സമ്മതിക്കുകയില്ല. അത് അവൾ കൺട്രോളിൽ എടുത്ത് ഒരു പെഗ്ഗാക്കി മാറ്റിയിരിക്കുകയാണ്. അതും ഒരു സ്മോള് മദ്യമെല്ലാം ഡെനിംഗ് ഹാളിലെ ചില്ലലമാരിയിൽ മൂടിവെച്ചിരിക്കുകയാണ്. താക്കോൽ അവൾ പാത്തുവച്ചിരിക്കുയാണ്.

ഒരുദിവസം അവറാച്ചനൊരു സൽബുദ്ധി തോന്നി. താക്കോൽ തിരയാൻ ഒരു പ്രചോദനം. തിരഞ്ഞുതിരഞ്ഞ് കണ്ടെത്തി. അടുക്കളയിലെ അരിച്ചാക്കിന്റെ അടിയിൽ അന്നുമുതൽ ആച്ചിയമ്മ അറിയാതെ ബാക്കി ക്വോട്ട ഒന്നര പെഗ്ഗ് കൂടി വീശാൻ അവറാച്ചൻ മറന്നില്ല. തത്തയുടെ വലിയ കൂട് ഡൈനിംഗ് ഹാളിൽ. മിനിബാറിനു നേരെ എതിർവശത്തായിരുന്നു. അവറാച്ചൻ ആച്ചിയമ്മ അറിയാതെ മദ്യം ഊറ്റുമ്പോൾ, എപ്പോഴും തത്ത ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ തത്ത പറഞ്ഞുതുടങ്ങി. 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.' നീ പോടാ തത്തേ എന്ന് പിറുപിറുത്ത് അവറാച്ചൻ മദ്യം സേവിച്ച് മത്തനായ്, മൂകനായ് നടന്നു.

മറ്റൊരു ദിവസം അപ്രതീക്ഷിതമായി അത് സംഭവിച്ചു. അവറാച്ചൻ രഹസ്യമായി മദ്യം ഊറ്റിക്കുടിച്ചു നിന്നപ്പോൾ തത്തമ്മ വലിയ ശബ്ദത്തിൽ വിളിച്ചുകൂവി "ആച്ചിയമ്മേ, അവറാച്ചൻ കള്ള് കട്ടുകുടിക്കുന്നു. കർത്താവേ സ്തോത്രം."

തൽക്ഷണം അടുക്കളയിൽ നിന്നു പാഞ്ഞുവന്ന ആച്ചിയമ്മ കള്ളനെ കൈയ്യോടെ പിടികൂടി. ആച്ചിയമ്മ ആക്രോശിച്ചു. "കുറെനാൾ ഈ മൗനം കണ്ടപ്പഴേ എനിക്കു മനസ്സിലായി. നിങ്ങൾ കള്ള് കട്ടുകുടിക്കുന്നുണ്ടെന്ന്. എന്നിട്ട് തത്തയെ ചൂണ്ടിപ്പറഞ്ഞു. കഴിഞ്ഞ ഒന്നരയാഴ്ചയായി ഞാനിവനെ ഈ വിധം ട്രെയിൻ ചെയ്യുന്നു. ഇന്നാണ് അവന് ഉശിരു വന്നത്. എനിക്കു മക്കളില്ലാത്ത എല്ലാ കുറവും തീർന്നു."

പിന്നീടൊരിക്കലും മദ്യക്കുപ്പികൾ ആ മിനിബാറിൽ ഉണ്ടായില്ല. ആച്ചിയമ്മ അതൊക്കെ എവിടെയോ ഒളിച്ചുവെച്ചു.

പിറ്റേന്നു മുതൽ അവറാച്ചൻ അര പെഗ്ഗു കൊണ്ട് മത്തനായില്ല. പകരം വിഷാദവും അരിശവും പൂണ്ടു നടന്നു.

മൂന്നുദിവസം കഴിഞ്ഞപ്പോൾ ആച്ചിയമ്മ, ആ കാഴ്ച കണ്ടു. തത്തമ്മ കൂട്ടിലെ മരക്കൊമ്പിൽ തല ചായ്ച്ച് ചത്തു കിടക്കുന്നു. ആച്ചിയമ്മ നെഞ്ചത്ത് കൈവച്ച് കരച്ചിലോടെ അവറാച്ചനെ വിളിച്ചു.

അവറാച്ചൻ വന്നു നിർവികാരനായി തത്തയെ സൂക്ഷിച്ചു നോക്കിയിട്ട് മൊഴിഞ്ഞു "ആത്മഹത്യ ആണെന്നാണ് തോന്നുന്നത്. ആമസോണിലെ തിമിംഗലങ്ങളെപ്പോലെ തത്തകളും ചിലപ്പോളൊക്കെ ആത്മഹത്യ ചെയ്യാറുണ്ടെന്ന് ഞാൻ വായിച്ചിട്ടുണ്ട്."

ആച്ചിയമ്മ തത്തയുടെ കഴുത്തു പരിശോധിച്ചു. ആരോ കയറിട്ടുമുറുക്കി ശ്വാസംമുട്ടിയ പാടുകണ്ട് ഞെട്ടി.

എന്നിട്ട് അവറാച്ചനെ രൂക്ഷമായി നോക്കി അലറി: "ഇത് ആത്മഹത്യയല്ല കൊലപാതകം! ഫസ്റ്റ് ഡിഗ്രി മർഡർ"